ദേശാഭിമാനി
14 March 2018

# മത്സ്യമേഖലയിലെ വികസനം: വിദേശ പ്രതിനിധികൾക്ക് പരിശീലനം ഇന്നുമുതൽ

കൊച്ചി > ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡെവലപ്മെന്റ് ഓർഗനൈസേഷനിലെ (എഎആർഡിഒ) 13 അംഗ രാജ്യങ്ങളിലെ ഗവേഷകർക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) പരിശീലനം നൽകും. ഇന്ത്യൻ മത്സ്യമേഖലയിലെ ഗവേഷണവികസന പദ്ധതികളെക്കുറിച്ചാണ് പരിശീലനം.

ബുധനാഴ്ച പകൽ 10.30ന് നടക്കുന്ന ഉദ്ഘാടനചടങ്ങിൽ എഎആർഡിഒ സെക്രട്ടറി ജനറൽ വാസി ഹസൻ അൽ ഗ്രൈഷൻ മുഖ്യാതിഥിയാകും. കുഫോസ് വൈസ് ചാൻസലർ ഡോ. എ രാമചന്ദ്രൻ ഉദ്ഘാടനംചെയ്യും. രണ്ടാഴ്ചത്തെ ശിൽപ്പശാലയിൽ തയ്വാൻ, ഇറാഖ്, ജോർദാൻ, ലെബനൻ, ഒമാൻ, പലസ്തീൻ, സുഡാൻ, ടുണീഷ്യ, മലേഷ്യ, മലാവി, ലിബിയ, മൗറീഷ്യസ്, ബംഗ്ലാദേശ് എന്നീരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.